# ഫൈൻ ആർട്സ് സൊസൈറ്റി

**പരവൂർ, കൊല്ലം–691301**

**രജി. നമ്പർ : ക്യൂ. 566/76**

10.08.2026

Web: www. fasparavur.com  E-mail : fasparavur@gmail.com  Phone : 0474-2513304

## 18–ാമത് സംസ്ഥാനതല ദേവരാജ സംഗീത മത്സരം 2026

സംഗീതകുലപതി ദേവരാജൻമാസ്റ്റർ അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ സ്മരണ നിലനിർത്താനായി ഏർപ്പെടുത്തിയ **18–ാമത് പരവൂർ കൊച്ചുഗോവിന്ദനാശാൻ –കൊച്ചുകുഞ്ഞു സ്മാരക സംസ്ഥാനതല ദേവരാജ സംഗീത മത്സരം** പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി(ഫാസ്)യുടെ ആഭിമുഖ്യത്തിൽ മാസ്റ്ററുടെ 100–ാം ജന്മദിനത്തോടനുബന്ധിച്ച് 2026 സെപ്റ്റംബർ 26, 27 (ശനി, ഞായർ) തീയതികളിൽ പരവൂർ എസ്.എൻ.വി. ബാങ്ക് ആഡിറ്റോറിയത്തിൽ നടത്തുന്നു. മത്സരാർത്ഥികൾ 01.10.2000 –നും 01.10.2010–നും ഇടയിൽ ജനിച്ചവരായിരിക്കണം. പ്രാഥമിക റൗണ്ട് മത്സരം 26.09.2026 ശനിയാഴ്ച രാവിലെ 9.00 മണിമുതലും അതിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള ഫൈനൽ റൗണ്ട് മത്സരം ഓർക്കസ്ട്രയുടെ പിന്നണിയോടെ 27.09.2026 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിമുതലുമാണ് നടത്തുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെപ്പറയുന്ന നിബന്ധനകൾക്കുവിധേയമായി **2026 സെപ്റ്റംബർ 5**–ാം തീയതിക്കുമുമ്പ് ഫാസ് വെബ്സൈറ്റിലൂടെ (**www.fasparavur.com**) പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ക്യു.ആർ കോഡുപയോഗിച്ച് വെബ്സൈറ്റിൽ പ്രവേശിച്ചും രജിസ്ട്രേഷൻ നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ 94460 43866 / 94957 02743.

1. മത്സരാർത്ഥികൾ വയസ്സ് തെളിയിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കേറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഫോട്ടോയും മത്സരദിവസം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കണം.

2. പുരുഷ – വനിത വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം മത്സരങ്ങൾ നടത്തുന്നതും ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അവാർഡുകൾ നൽകുന്നതുമാണ്.

3. ദേവരാജൻ മാസ്റ്റർ സംഗീതം നൽകിയിട്ടുള്ള നാടക – സിനിമ ഗാനങ്ങളാണ് മത്സരത്തിൽ ആലപിക്കേണ്ടത് (മാസ്റ്റർ 2500–ലധികം ഗാനങ്ങൾക്ക് സംഗീതം നൽകിയിട്ടുണ്ട്).

4. പ്രവേശന ഫീസായ 100 രൂപ (നൂറു രൂപ മാത്രം) മണിയോർഡർ/ NEFT/UPI ID ആയി ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറിയുടെ പേർക്ക് അയക്കേണ്ടതാണ്. എസ്.ബി. അക്കൗണ്ട് നമ്പർ : 11420100201224, ഫെഡറൽ ബാങ്ക്, പരവൂർ–691301, IFS Code : FDRL 0001142. UPI ID (Google Pay, Paytm, etc) : finearts01@fbl. QR കോഡുപയോഗിച്ചും തുക അടയ്ക്കാം.

5. മുൻ വർഷങ്ങളിലെ ദേവരാജ സംഗീത മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയിട്ടുള്ളവർക്ക് 2026–ലെ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

6. മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് ദേവരാജ സംഗീത അവാർഡ് ശില്പവും പ്രശസ്തിപത്രവും ക്യാഷ് പ്രൈസും (ഒന്നാം സ്ഥാനം 15,000/– രൂപ, രണ്ടാം സ്ഥാനം 10,000/– രൂപ) മത്സരശേഷം പരവൂർ എസ്.എൻ.വി.ബാങ്ക് ആഡിറ്റോറിയത്തിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ നൽകുന്നതാണ്.

(തുടർച്ച.... 2)

7. സെപ്റ്റംബർ 26–ാം തീയതി നടക്കുന്ന പ്രാഥമിക റൗണ്ട് മത്സരത്തിൽ നിന്ന് ഫൈനൽ റൗണ്ട് മത്സരത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ സെപ്തംബർ 27 രാവിലെ 9 മണിമുതൽ ഓർക്കസ്ട്രയോടൊപ്പം റിഹേഴ്സൽ നടത്തേണ്ടതാണ്. ഓർക്കസ്ട്രയുടെ പശ്ചാത്തല സംഗീതത്തോടൊപ്പമാണ് അന്നേദിവസം പകൽ രണ്ടു മണിക്ക് ആരംഭിക്കുന്ന ഫൈനൽ റൗണ്ട് മത്സരം നടത്തുക. ഫാസ് ഒരുക്കുന്ന കേരളത്തിലെ പ്രശസ്ത ഓർക്കസ്ട്ര ടീമായിരിക്കും മത്സരാർത്ഥികൾക്ക് ഫൈനൽ റൗണ്ടിൽ പിന്നണി വായിക്കുന്നത്. മത്സരാർത്ഥികൾക്ക് സ്വന്തം നിലയിൽ ഓർക്കസ്ട്ര ഒരുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതല്ല.

8. മത്സരാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കുവാനായി ദേവരാജൻ മാസ്റ്റർ സംഗീതം നൽകിയ ഏതെങ്കിലും അഞ്ച് പാട്ടുകൾ ഫാസ് വെബ്സൈറ്റിലെ രജിസ്ട്രേഷൻ പേജിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത പാട്ടുകൾ **മുൻഗണനാക്രമത്തിൽ** വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തേണ്ടതാണ്. ഒരേപാട്ടുതന്നെ ഒന്നിലധികം മത്സരാർത്ഥികൾ തെരഞ്ഞെടുത്താൽ പ്രസ്തുത പാട്ടുപാടുവാനുള്ള വ്യക്തിയെ നറുക്കെടുപ്പിലൂടെ തെരഞ്ഞടുക്കുന്നതും അക്കാര്യം മത്സരാർത്ഥിയെ മുൻകൂട്ടി അറിയിക്കുന്നതുമാണ്.

9. മത്സരത്തിൽ സമ്മാനാർഹരാവുന്നവർ അന്നേദിവസം പൊതുസമ്മേളനത്തിനു ശേഷം നടക്കുന്ന ദേവരാജഗാനസന്ധ്യയിൽ സമ്മാനാർഹമായ ഗാനം ആലപിക്കേണ്ടതാണ്.

10. മത്സരത്തിൽ പങ്കെടുക്കുവാൻ ക്ഷണിക്കപ്പെടുന്ന മത്സരാർത്ഥിക്ക് മത്സരവേദിയിൽ എത്തുന്നതിനും തിരികെ പോകുന്നതിനുമുള്ള യാത്രപ്പടി നൽകുന്നതാണ്. (രണ്ടാം ക്ലാസ്സ് റെയിൽ നിരക്ക്). പെൺകുട്ടികളുടെയും ചെറിയ കുട്ടികളുടെയും കാര്യത്തിൽ മത്സരാർത്ഥിയെ അനുഗമിക്കുന്ന ഒരു രക്ഷാകർത്താവിനും യാത്രപ്പടിക്ക് അർഹതയുണ്ടായിരിക്കും. പ്രാഥമിക റൗണ്ടിൽ വിജയിക്കുന്ന മത്സരാർത്ഥികൾ കൊല്ലം താലൂക്കിനു പുറത്തുനിന്നുള്ളവരാണെങ്കിൽ, ആവശ്യമെങ്കിൽ, പരവൂരിൽ താമസസൗകര്യം ഒരുക്കുന്നതാണ്.

11. മത്സരവേദി, നിർദ്ദേശിച്ച അഞ്ചുപാട്ടുകളിൽ നിന്ന് പ്രാഥമിക–ഫൈനൽ റൗണ്ട് മത്സരങ്ങളിൽ പാടേണ്ട തിരഞ്ഞെടുത്ത രണ്ടു പാട്ടുകൾ എന്നിവ മത്സരാർത്ഥിയെ മുൻകൂട്ടി അറിയിക്കുന്നതാണ്.

12. സംഗീത മത്സര നടത്തിപ്പ്, അവാർഡ് നിർണ്ണയം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച അവസാന തീരുമാനം പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടേതായിരിക്കും.

വി. രാജു,
സെക്രട്ടറി (94957 02743)